LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

## സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

**പത്തനംതിട്ട ജില്ല**

**ഉപജില്ലാ അദാലത്ത് സമിതി - 3**

19/01/2024 ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ലാ അദാലത്ത് സമിതി -3 ന്റെ യോഗ മിനിറ്റ്സ്

പങ്കെടുത്തവർ

1. രാഗിമോൾ വി, ഇന്റേണൽ വിജിലൻസ് ഓഫീസർ,പത്തനംതിട്ട
2. വിനോദ് എസ് , അസി.എസ്ക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD പറക്കോട് ബ്ലോക്ക് പഞ്ചായത്ത്
3. ഗീത കെ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് 1 ,ടൗൺപ്ലാനിംഗ് ഓഫീസ് ,പത്തനംതിട്ട

പരിഗണിച്ച വിഷയം - കെട്ടിട നമ്പർ അനുവദിക്കുന്നതു സംബന്ധിച്ച്

അദാലത്ത് തീർപ്പ്

ശ്രീ സുനിൽ സി ബി ആറൻമുള സമർപ്പിച്ച അപേക്ഷ പരിഗണിച്ചു. ഐ.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ആനുകൂല്യം ലഭിച്ച ശ്രീ സുനിൽ സി ബി ക്ക് നിയമാനുസൃത set back അകലം പാലിക്കാത്തതിനാലാണ് നമ്പർ അനുവദിക്കാതിരുന്നത് എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.KPBR 2019 റൂൾ 54 ന്റെ ലംഘനം പരിഹരിച്ച് അപേക്ഷ നൽകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് അധികൃതർ അറിയിച്ചു.പെർമിറ്റ് എടുത്താണ് നിർമ്മാണം നടത്തിയതെന്ന് ശ്രീ സുനിൽ അവകാശപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയിരുന്നില്ല.ആയത് പഞ്ചായത്ത് ഓഫീസിൽ ഹാജരാക്കുന്നതിന് ടിയാനും അപാകത പരിഹരിക്കുമ്പോൾ നിയമപ്രകാരം പരിഗണിക്കുവാൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും നിർദ്ദേശം നൽകി നിവേദനം തീർപ്പാക്കി

Ragi

കൺവീനർ

ഉപജില്ലാ അദാലത്ത് സമിതി - 3
ഇന്റേണൽവിജിലൻസ്ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്,പത്തനംതിട്ട

കോപ്പി

സെക്രട്ടറി ആറൻമുള ഗ്രാമ പഞ്ചായത്ത്
ശ്രീ ശ്രീ സുനിൽ സി ബി ആറൻമുള